പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 309 — 19.2.2013-ൽ മറുപടിയ്ക്ക്

## കാണാതാകുന്നവരെക്കുറിച്ച് അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.മോയിൻകുട്ടി<br>ശ്രീ. പി.ബി.അബ്ദുൾ റസാക്<br>ശ്രീ. കെ.എം.ഷാജി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) വിവിധ കാരണങ്ങളാൽ വീടുവിട്ടു പോകുന്നവരുടെയും, ദുരൂഹ സാഹചര്യങ്ങളിൽ കാണാതാകുന്നവരുടെയും എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കാണാതാകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത്തരം ഗുരുതര പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന കാര്യത്തിൽ സർക്കാർ തലത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) കാണാതാകുന്നവരെക്കുറിച്ച് ലഭിക്കുന്ന എല്ലാ പരാതികളിലും പോലീസ് കേസുകൾ രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായ അന്വേഷണം നടത്താറുണ്ട്. ഇത്തരത്തിലുള്ള കേസുകളുടെ അന്വേഷണം കൂടുതൽ കാര്യക്ഷമവും, ഫലപ്രദവുമാക്കുന്നതിനായി Anti Human Trafficking Unit – കൾ എല്ലാ ജില്ലകളിലും സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത യൂണിറ്റിന്റെ സഹകരണത്തോടെ സംശയാസ്പദമായ സ്ഥലങ്ങളിൽ റെയിഡുകൾ ഉൾപ്പെടെയുള്ള അന്വേഷണം നടത്തി - കാണാതായവരെ കണ്ടെത്തി ബന്ധപ്പെട്ട മജിസ്ട്രേറ്റിന്റെ മുമ്പാകെ ഹാജരാക്കി വരുന്നു. കൂടാതെ കാണാതായവരെ കണ്ടെത്തിയതിനു ശേഷം ജനമൈത്രി പോലീസ് സംവിധാനത്തിലൂടെ അവർക്ക് ബോധവൽക്കരണ ക്ലാസ്സുകളും, കൗൺസിലിംഗും നടത്താറുണ്ട്. |

കുട്ടികൾക്കിടയിൽ ഇത്തരത്തിലുള്ള വാസന തടയുന്നതിനായി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ എന്നിവയിലൂടെ ബോധവൽക്കരണ ക്ളാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കാറുണ്ട്.

(സി) ഈ വിഷയത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) കാണാതാകുന്നവരെ കണ്ടെത്തുക, ഭിക്ഷാടനം തടയുക, എന്നിവയ്ക്കായി പോലീസ് വകുപ്പ് Anti Human Trafficking Unit - കൾ എല്ലാ ജില്ലകളിലും സ്ഥാപിച്ചിട്ടുണ്ട്. Department of Social Welfare, Child Welfare Committee, Child line Services, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, ജനമൈത്രി പോലീസ് എന്നിവയുടെ സഹകരണത്തോടെ കാണാതാകുന്നവരെ കണ്ടെത്തുന്നതിനായി AHTU – വിന്റെ നേതൃത്വത്തിൽ റെയിഡുകളും, ബോധവൽക്കരണ ക്ളാസ്സുകളും നടത്തി വരുന്നു. അന്യ സംസ്ഥാനങ്ങളിലെ പോലീസ് വകുപ്പുമായും അവിടെയുള്ള സോഷ്യൽ വെൽഫെയർ സ്ഥാപനങ്ങളുമായും മറ്റ് അനുബന്ധ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് കാണാതാകുന്നവരെ കണ്ടെത്തുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. സംശയാസ്പദമായ സാഹചര്യത്തിൽ കാണപ്പെടുന്ന അപരിചിതരെക്കുറിച്ചും, വ്യക്തികളെക്കുറിച്ചും പോലീസിന് വിവരം നൽകുന്നതിനായി പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിനായി പോലീസ് കൺട്രോൾ റൂമുകൾ ജാഗ്രത പുലർത്തി വരുന്നു.

| | | | |
|---|---|---|---|
| | | | പോലീസുദ്യോഗസ്ഥർ അതാത് പരിധിയിൽ വരുന്ന സ്കൂളുകളിൽ എത്തി ഇത്തരം സംഭവങ്ങൾ പോലീസിന്റെ ശ്രദ്ധയിൽ പ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നു. കൂടാതെ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ മുന്നറിയിപ്പ് നൽകാറുണ്ട്. |
| (ഡി) | 2012-ൽ ഇതേവരെ എത്ര മിസ്സിംഗ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അതിൽ എത്ര പേരെ കണ്ടെത്താനായിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ? | (ഡി) | 2012 മുതൽ 2013 ഫെബ്രുവരി 10 വരെ 5232 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 4633 പേരെ കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ